**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.814 — 09.08.2017 ന് മറുപടിയ്ക്ക്.

**ഗവിയിലേക്കുള്ള യാത്രാനുമതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട എക്കോ ടൂറിസം കേന്ദ്രമായ ഗവിയിലേക്ക് പോകുന്നതിന് പൊതു യാത്രാ സംവിധാനങ്ങൾ പരിമിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗവിയിലേക്കുള്ള പൊതുയാത്രാ സംവിധാനങ്ങൾ പരിമിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇപ്പോൾ സിതത്തോടിൽ നിന്നും ഗവിയിലേക്ക് എത്ര വാഹനങ്ങൾക്കാണ് പ്രതിദിനം യാത്രാനുമതി നൽകുന്നത്; | (ബി) ആങ്ങാമൂഴി വഴി പ്രതിദിനം 30 വാഹനങ്ങൾക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്. |
| (സി) പൊതു അവധി, വേനൽക്കാല അവധി ദിവസങ്ങളിൽ യാത്രാനുമതി ലഭിക്കാത്തതിനാൽ വിവിധ പ്രദേശങ്ങളിൽ നിന്നും വരുന്ന നിരവധി ആളുകൾ ഗവി സന്ദർശിക്കാനാകാതെ നിരാശരായി മടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) 30 എണ്ണത്തിൽ കൂടുതൽ വരുന്ന വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കാറില്ല. |
| (ഡി) അവധി ദിവസങ്ങളിൽ 50 വാഹനങ്ങൾക്ക് പ്രവേശനാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ വനം വകുപ്പ് വാഹനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഗവി സന്ദർശനത്തിന് വരുന്ന മുഴുവനാളുകൾക്കും പ്രവേശനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) കൂടുതൽ ആളുകൾക്ക് പ്രവേശനം സാദ്ധ്യമാക്കുന്ന തരത്തിൽ റാന്നി വന വികസന ഏജൻസിയുടേയും, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ